പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1451

03.05.2017 - ൽ മറുപടി നൽകേണ്ടത്

## കാസർഗോഡ് ജില്ലയിൽ 'ഹാഡ' പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 'ഹാഡ' പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. നബാർഡ് ആർ.ഐ.ഡി എഫ് ട്രാൻഷെ XXI ൽ ഉൾപ്പെടുത്തി മൂന്ന് പ്രവർത്തികളും ട്രാൻഷെ XXII ൽ ഉൾപ്പെടുത്തി ഒരു പ്രവർത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് മേൽ പദ്ധതിയുടെ കീഴിൽ വരുന്നത്; പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളായ കല്ലാർ, കോടോംബേളൂർ, വെസ്റ്റ് എളേരി, ഈസ്റ്റ് ഇളേരി, കിനാന്തൂർ - കരിന്തളം, പനത്തടി എന്നീ പഞ്ചായത്തുകളാണ് മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുന്നത്.<br>വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് 800 മീറ്ററിൽ കൂടുതൽ ഉയരത്തിലുള്ളതും അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ പഞ്ചായത്തുകളെയുമാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |

| | | | |
|---|---|---|---|
| (സി) | ജില്ലയിലെ മലയോരമേഖലയിലെ പല പഞ്ചായത്തുകളും മേൽ പദ്ധതിയുടെ കീഴിൽ വരുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മലയോര വികസന ഏജൻസിയിൽ 561 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട് എങ്കിലും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 800 മീറ്ററിൽ കൂടുതൽ ഉയരത്തിലുള്ളതും അല്ലെങ്കിൽ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായതുമായ പഞ്ചായത്തുകളെയുമാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |
| (ഡി) | എങ്കിൽ ജില്ലയിലെ മലയോര മേഖലയിലെ കൂടുതൽ പഞ്ചായത്തുകളെ 'ഹാഡ' പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഹാഡ നിർത്തലാക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, മലയോര മേഖലയിലെ കൂടുതൽ പഞ്ചായത്തുകളെ 'ഹാഡ' പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല. |

Deep

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ട്രാൻഷെ | പ്രവർത്തിയുടെ പേര് | പഞ്ചായത്തിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|---|
| XXI | മലാംകടവ് കുളിനീർ റോഡ് | ഈസ്റ്റ് എളേരി | 25.00 |
| XXI | തുമ്പതട്ട് അരയാകുളം ആനക്കുഴി റോഡ് | ബളാൽ | 30.00 |
| XXI | കൂരാംകുണ്ട് പന്നിത്തടം റോഡ് | കിനാന്തൂർ കരിന്തളം | 25.00 |
| XXII | ആനപെട്ടി മുപ്പിൽ റോഡ് | കോടോംബേളൂർ | 30.00 |

Deep

സെക്ഷൻ ഓഫീസർ